# പറയൂ നീ



പറയൂനീ പാറുമിത്തുമ്പി തൻ ചിറകിനീ
മഴവില്ലിതാരാണു നൽകി?

വിരിയുന്നൊരരിമുല്ലമൊട്ടിൻെറയുള്ളിലീ
നറുമണമാരേ പകർന്നു?

പറയൂ നിലാവിനിക്കുളിരാരു നൽകിയീ
നിറവുമീ നേർമ്മയുമൊപ്പം?

പറയൂ നിശ്ശബ്ദമായിക്കുഞ്ഞു പൂകവിൾ
ത്തട്ടിലുരുമ്മുമീ സ്വപ്നം

എവിടെ നിന്നാരു കവർന്നുനൽകി, കൊച്ചു
ചൊടികളിലീ മന്ദഹാസം?

പറയൂ നിൻമിഴികളിൽ തെളിയുമീനീലിമ-
യ്ക്കഴകാരു ചാലിച്ചു തന്നു?

ഘനമൂകദുഃഖത്തിൻ ധ്വനിചേർന്ന പാട്ടിനീ
മധുരിമയെങ്ങിനെ വന്നു?

പറയൂ നീ മൂളുമീ യീണത്തിലെങ്ങിനെ
കലരുന്നതീയാർദ്രഭാവം?

പുലർകാല സിന്ദൂരമേഘത്തിലലിയുമീ
അനവദ്യ സൗമ്യതാഭാവം?

അറിയില്ലെനിക്കിവയെങ്കിലുമിന്നിയും
ഒരു ജന്മമുണ്ടെങ്കിലന്നും

ഇവിടീ മനോഹര തീരത്തു പിന്നെയും
കവിയായി വന്നു ഞാൻ പാടും.■

1988